## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4926 — 14-11-2019 -ൽ മറുപടിക്ക്

### പ്രളയ ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഷാഫി പറമ്പിൽ | | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | 2018 ലും 2019 ലുമുണ്ടായ പ്രളയത്തിൽ പാലക്കാട് നിയോജക മണ്ഡലത്തിലെ എത്ര വീട്ടുകൾക്ക് പൂർണ്ണമായും ഭാഗികമായും നാശ നഷ്ടമുണ്ടായിട്ടുണ്ട്; ഇവരുടെ വിവരം പ്രത്യേകമായി വർഷം തിരിച്ച് ലഭ്യമാക്കാമോ; | എ) | പാലക്കാട് നിയോജകമണ്ഡലത്തിൽ 2018-ലെ പ്രളയത്തിൽ പൂർണ്ണമായും നാശനഷ്ടം സംഭവിച്ച വീട്ടുകൾ 317 എണ്ണവും ഭാഗികമായി നാശനഷ്ടം സംഭവിച്ച വീട്ടുകൾ 573 എണ്ണവുമാണ്. 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട വിശദാംശങ്ങളിൽ നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല. |
| ബി) | ഇത്തരത്തിൽ നാശനഷ്ടമുണ്ടായ എത്ര പേർക്ക് എത്ര രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്;ഇനി എത്ര പേർക്ക് എത്ര രൂപയുടെ ധനസഹായം നൽകാൻ ബാക്കിയുണ്ട്; വിശദമാക്കാമോ? | ബി) | പൂർണ്ണമായും നാശനഷ്ടം സംഭവിച്ച 108 വീട്ടുകൾക്ക് 4,00,000/- രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. 61 പേർക്ക് 95,100 രൂപ വീതം ആദ്യ ഗഡു അനുവദിച്ചിട്ടുണ്ട്. പുറമ്പോക്കിൽ താമസിച്ചു വരുന്ന 62 പേരെ ക്ലസ്റ്റർ ഹൗസിലും 61 പേരെ കെയർ ഹോം പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂമിയുടെ കൈവശ രേഖയില്ലാത്ത 86 പേർക്ക് ധനസഹായം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ